# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 20 No. 09 | PUBLISHED FROM DELHI | PRICE Rs. 3/- | SEPTEMBER 2016


## എഫ്.സി.വൈ.എം. ഡൽഹി റീജൻ
# വചനധാര 2016

**ന്യൂഡൽഹി:** ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിന്റെ യുവജന സംഘടനയായ ഫെയ്ത്ത് ക്രിസ്ത്യൻ യൂത്ത് മൂവ്മെന്റ് (എഫ്.സി. വൈ.എം) ഡൽഹി റീജന്റെ ആഭിമുഖ്യത്തിൽ 2016 ഒക്ടോബർ 1,2 തീയതികളിൽ കാൽക്കാജി ഡി.ഡി.എ. കമ്യൂണിറ്റി ഹാളിൽ വച്ച് വചനധാര 2016 എന്ന പേരിൽ സുവിശേഷയോഗം നടത്തുന്നു. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി യോഗം ഉദ്ഘാടനം ചെയ്യും. സുവിശേഷ യോഗങ്ങളിൽ പ്രസിദ്ധ പ്രഭാഷകൻ പാസ്റ്റർ എബി ഏബ്രഹാം (പത്തനാപുരം) വചന ശുശ്രൂഷ നിർവ്വഹിക്കും. വൈകിട്ട് 6 മണിമുതൽ 9 മണി വരെ നടക്കുന്ന സുവിശേഷയോഗത്തിൽ ഫെയ്ത്ത് സയോൻ സിംഗേഴ്സ് ഡൽഹി



പാസ്റ്റർ എം. സാമുവൽകുട്ടി



പാസ്റ്റർ എബി ഏബ്രഹാം

ആരാധനയ്ക്ക് നേതൃത്വം നൽകും.

ഒക്ടോബർ 2ന് പകൽ പത്ത് മണിമുതൽ 1 മണിവരെ ഡൽഹി റീജനിലെ ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭകളുടെ സംയുക്താരാധന ഡി.ഡി.എ. കമ്മ്യൂണിറ്റി ഹാളിൽ വച്ച് നടക്കും. ഉച്ചയ് ക്ക് ശേഷം എഫ്. സി.വൈ. എമ്മിന്റെ വാർഷിക യോഗം നടക്കും.

കൺവൻഷന്റെ വിജയത്തിനായി പാസ്റ്റർ ബിനോയി പി. ജോൺ പ്രസിഡന്റും ബ്രദർ മണിമോൻ സെക്രട്ടറിയും ബ്രദർ ഷൈജു ജോൺ ട്രെഷറാറും ബ്രദർ ജേക്കബ് സി.ഡി, ബ്രദർ ജെയിംസ് പി.പി. എന്നിവർ അംഗങ്ങളുമായ റീജൻ എക്സിക്യൂട്ടീവ് കമ്മിറ്റി പ്രവർത്തിക്കുന്നു.

## എഫ്.സി.വൈ.എം. ഡൽഹി റീജൻ
# ഏകദിനസെമിനാർ നടന്നു

**ന്യൂഡൽഹി:** ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിന്റെ യുവജന സംഘടനയായ ഫെയ്ത്ത് ക്രിസ്ത്യൻ യൂത്ത് മൂവ്മെന്റ് (എഫ്.സി. വൈ.എം) ഡൽഹി റീജന്റെ ആഭിമുഖ്യത്തിൽ 2016 ആഗസ്റ്റ്15ന് ലാഡോസരായ് ഡിവൈൻ ഗാർഡൻ ഹാളിൽ വച്ച് ഏകദിന സെമിനാർ നടന്നു.

പാസ്റ്റർ ബിനു ജോൺ അദ്ധ്യക്ഷത വഹിച്ച സെമിനാർ പാസ്റ്റർ ടി.ഡി. സുധാകരൻ ഉദ്ഘാടനം ചെയ്തു. പാസ്റ്റർ ഡാനിയേൽ ജോർജ് ആത്മീയ കൃപാവരങ്ങളെ എങ്ങനെ തിരിച്ചറിയാം എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിച്ചു.



പാസ്റ്റർ ഡാനിയേൽ ജോർജ് ക്ലാസ് എടുക്കുന്നു

# പി. വൈ.പി.എ. യൂത്ത് ക്യാമ്പ് സമാപിച്ചു

**ന്യൂഡൽഹി:** ഐ.പി.സി. നോർത്തേൺ റീജന്റെ പുത്രികാ സംഘടനയായ പി.വൈ.പി.എയുടെ ആഭിമുഖ്യത്തിലുള്ള ഏകദിന യൂത്ത് ക്യാമ്പ് ന്യൂഡൽഹി രോഹിണി സെക്ടർ -8 ലുള്ള ഐ.പി. സി. സഭാഹാളിൽ വച്ച് 2016 ആഗസ്റ്റ് 15ന് രാവിലെ 9 മണി മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ നടന്നു. പാസ്റ്റർ തോമസ് സാമുവൽ പ്രാർത്ഥിച്ചാരംഭിച്ച യോഗത്തിൽ പാസ്റ്റർ ജെബി ടി. ജോൺ മുഖ്യസന്ദേശം നൽകി. പാസ്റ്റർ ദുഷന്ത് കുമാർ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ ആഷ്ലി ജോസഫ് ഗാനശുശ്രൂഷ നിർവ്വഹിച്ചു. പാസ്റ്റർ ജെസു ജോൺ ജേയ്ക്കബ്, ബ്രദർ ജയൻ കോട്ടേരി, ബ്രദർ ഷാലു സാമുവേൽ എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി. ഡൽഹി, ഹരിയാന എന്നീ സംസ്ഥാനങ്ങളിലുള്ള സഭകളിലെ യുവജനങ്ങൾ ക്യാമ്പിൽ പങ്കെടുത്തു. പാസ്റ്റർമാരായ ഫിലിപ്പോസ് മത്തായി, ഐസക് വി. ജോൺ, ബ്രദർ ജോണിക്കുട്ടി എന്നിവരും പങ്കെടുത്തു.

## തിമഥി ഇൻസ്റ്റിറ്റ്യൂട്ട്
# ചൈൽഡ് ഇവാഞ്ചലിസം കോഴ്സ്

തിരുവല്ല: കുട്ടികളുടെയും യുവജനങ്ങളുടെയും ഇടയിലെ പ്രമുഖ ശുശ്രൂഷകരായ തിമഥി ഇൻസ്റ്റിട്യൂട്ടിന്റെ നേതൃത്വത്തിൽ ചൈൽഡ് ഇവാഞ്ചലിസം കോഴ്സ് തിരുവല്ലായിൽ ആരംഭിച്ചു. ഓഗസ്റ്റ് പതിനേഴിന് തിമഥി ഇൻസ്റ്റിട്യൂട്ടിന്റെ ഓഫിസിൽ നടന്ന പ്രത്യേക സമ്മേളനത്തിൽ റവ. എം.ജെ ജോൺ കോഴ്സ് ഉത്ഘാടനം ചെയ്തു. ഏബ്രഹാം ഫിലിപ്പോസ് അദ്ധ്യക്ഷതവഹിച്ചു. പാസ്റ്റർ ടി.എ. ജോസഫ് അനുഗ്രഹ പ്രാർത്ഥന നടത്തി. പാസ്റ്റർ ഗ്ലാഡ്സൺ ജോൺ, സാലു വർഗ്ഗീസ്, ബിജു ഈപ്പൻ, ജോജി ഐപ്പ് മാത്യൂസ്, മോൻസി മാമൻ, ജോബിൻ പി മത്തായി, സാംസൺ പി. ബേബി, വിനീഷ് കെ.എം. എന്നിവർ പ്രസംഗിച്ചു.

പ്രായോഗിക പരിശീലനത്തിന് ഊന്നൽ നല്കി ക്രമീകരിച്ചിരിക്കുന്ന കോഴ്സിന് പരിചയസമ്പന്നരായ അദ്ധ്യാപകരാണ് നേതൃത്വം നൽകുന്നത്. ഒരു വർഷം നീളുന്ന ഈ കോഴ്സ് ചൈൽഡ് ഇവാഞ്ചലിസത്തിന്റെ സമസ്ത മേഖലകളും കൈകാര്യം ചേയ്യും. ബിജു ഈപ്പൻ ഡയറക്ടറായും സുനിൽ സഖറിയാ പ്രിൻസിപ്പളായും സുനിൽ കുമാർ കോർഡിനേറ്ററായും പ്രവർത്തിക്കുന്നു. ഓഗസ്ററ് ഒന്നിന് തിരുവനന്തപുരം കേന്ദ്രമാക്കിയും കോഴ്സ് ആരംഭിച്ചിരുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: 9656217909






*ഉൾപേജുകളിൽ...*


ക്ഷമയോടെ കാത്തിരിക്കാം : പാസ്റ്റർ എം.സാമുവൽകുട്ടി

നിന്റെ ദൈവം എന്റെ ദൈവം : പാസ്റ്റർ മനോജ് തമ്പി

പ്രാർത്ഥനയുടെ വിജയം : പാസ്റ്റർ ജോസ് ശാമുവേൽ

ക്ഷണികതയുടെ മധുരിമ : ഇവാ. ജോൺ സാമുവൽ മണക്കാല

പത്രാധിപ ലേഖനം......

# ക്ഷമയോടെ കാത്തിരിക്കാം



യാക്കോബ് തന്റെ ലേഖനത്തിൽ കഷ്ടതയനുഭവിക്കുന്ന വിശുദ്ധന്മാരോട് ക്ഷമയോടിരിപ്പിൻ എന്നാണ് പറയുന്നത്. കാരണം കർത്താവിന്റെ മടങ്ങിവരവുവരെയും ഈ ലോകത്തിലെ തെറ്റുകൾ അങ്ങനെതന്നെ തുടരും. വിശ്വാസികളായ നാം ക്ഷമയോടെ സഹിക്കുകയും കാത്തിരിക്കുകയുമാണ് വേണ്ടത്. ലോകത്തിൽ നിങ്ങൾക്ക് കഷ്ടമുണ്ട് (യോഹ. 16:33). പൗലൊസ് പറയുന്നത് നാം അനേകം കഷ്ടങ്ങളിൽകൂടി ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു (അപ്പൊ. 14:22) എന്നാണ്. ആകയാൽ യേശു മടങ്ങിവരുംവരെ കഷ്ടപ്പാടുകളും ഹൃദയനൊമ്പരങ്ങളും ക്ഷമയോടെ നാം സഹിക്കേണ്ടിയിരിക്കുന്നു.

ക്ഷമയെ സൂചിപ്പിക്കുവാൻ രണ്ട് വ്യത്യസ്ത പദങ്ങൾ യാക്കോബ് ഉപയോഗിക്കുന്നു. 5ന്റെ 7,8,10 വാക്യങ്ങളിൽ ദീർഘമായ സംയമനം എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. 11–ാം വാക്യത്തിലെ സഹിഷ്ണുത എന്നതിന് കീഴടങ്ങിയിരിക്കുക എന്നാണ് അക്ഷരീകമായ അർത്ഥം. ക്ഷമയെന്നുള്ളതിന് ഓടിപ്പോകുവാൻ നിങ്ങൾക്കു തോന്നുമ്പോൾ ഉറച്ചുനിൽക്കുക എന്ന അർത്ഥമാണുള്ളത്. പല ഗ്രീക്ക് പണ്ഡിതന്മാരും കരുതുന്നത് ദീർഘക്ഷമ എന്നുള്ളത് വ്യക്തികളുടെ ക്ഷമയെ സൂചിപ്പിക്കുന്നതും സഹിഷ്ണുത എന്നുള്ളത് സാഹചര്യങ്ങളുടെയോ അവസ്ഥകളുടെയോ ബന്ധത്തിൽ ക്ഷമയെ സൂചിപ്പിക്കുന്നതുമാണെന്നത്രെ. കർത്താവിന്റെ വരവിനെ കാത്തിരിക്കുന്ന വിശ്വാസികളായ നമുക്ക് ഇപ്രകാരമുള്ള ക്ഷമയോടുകൂടിയ സഹിഷ്ണുത എങ്ങനെ അനുഭവമാക്കാൻ കഴിയും എന്നതിന് മൂന്ന് ആവേശകരമായ ഉദാഹരണങ്ങൾ യാക്കോബ് 5:7-11 വരെ നൽകിയിരിക്കുന്നു.

1. കൃഷിക്കാരൻ(5:7-9). അക്ഷമനായ വ്യക്തിക്ക് ഒരു കർഷകനായിരിക്കുവാൻ കഴിയുകയില്ല. ഒരു വിളവും ഒറ്റരാത്രികൊണ്ട് പ്രത്യക്ഷമാകുന്നില്ല. ചെടികൾ വളരുവാൻ സമയം വേണം. താൻ വിതച്ച വിത്തുകൾ ഫലം നൽകുവാൻ അനേകം ആഴ്ചകൾ അയാൾ കാത്തിരിക്കുന്നു. കർഷകൻ ക്ഷമയോടെ കാത്തിരിക്കുന്നതിന്റെ കാരണം ഫലം വിലയേറിയതാണ് എന്നതിനാലാണ്. തളർന്നുപോകാഞ്ഞാൽ തക്കസമയത്ത് നാം കൊയ്യും (ഗലാ.6:9).

യാക്കോബ് വിശ്വാസിയെ ഒരാത്മിക കർഷകനായും ആത്മീയ കൊയ്ത്ത് കാത്തിരിക്കുന്നവനായും ചിത്രീകരിച്ചിരിക്കുന്നു. നിങ്ങളും ദീർഘക്ഷമയോടിരിപ്പിൻ; നിങ്ങളുടെ ഹൃദയം സ്ഥിരമാക്കുവിൻ (5:8). നമ്മുടെ ഹൃദയം നിലമാണ്. വിത്ത് ദൈവവചനവുമാണ്. നിലത്തെ സംബന്ധിച്ചിടത്തോളം കാലഭേദമുള്ളതുപോലെ ആത്മീക ജീവിതത്തിലും കാലഭേദങ്ങളുണ്ട്. ചിലപ്പോൾ നമ്മുടെ ഹൃദയങ്ങൾ തണുത്തുറഞ്ഞു പോകുമ്പോൾ നമ്മുടെ കർത്താവ് വിത്ത് വിതക്കുന്നതിന് മുമ്പായി അതിനെ ഉഴുത് മറിക്കുന്നു (യിരമ്യാ.4:3). നട്ടിരിക്കുന്ന വിത്തിനെ പോഷിപ്പിക്കുവാൻ സൂര്യപ്രകാശവും നന്മയുടെ മഴയും അയച്ച് നനയ്ക്കുകയും ചെയ്യുന്നു. എന്നാൽ വിളവെടുപ്പിന് നാം പിന്നെയും കാത്തിരിക്കേണം. പ്രതികൂലങ്ങൾ വർദ്ധിക്കുമ്പോൾ നാം മനസ്സിലാക്കേണ്ടുന്ന ഒരു കാര്യമുണ്ട്; ദൈവം നമ്മുടെ ജീവിതത്തിൽ ഒരു കൊയ്ത്ത് ഒരുക്കുകയാണ്. നമ്മിൽ ആത്മിക ഫലം വളരുവാൻ ദൈവം ആഗ്രഹിക്കുന്നു. അത് ദൈവത്തിന് നിർവ്വഹിക്കുവാനുള്ള ഏകമാർഗ്ഗം പരീക്ഷകളിലൂടെയും പരിശോധനകളിലൂടെയുമാണ്. ദൈവത്തോടോ, അഥവാ നമ്മോടു തന്നെയോ അസഹിഷ്ണുക്കളാകുന്നതിന് പകരം നാം കർത്താവിന് കീഴടങ്ങി ഫലം വളരാൻ അനുവദിക്കുകയാണ് വേണ്ടത്. നാം കൊയ്ത്തിന് കാത്തിരിക്കുന്ന ആത്മീയ കൊയ്ത്തുകാർ ആണ്.

2. പ്രവാചകന്മാർ(5:10). ഇത് പഴയനിയമപ്രവാചകന്മാരെക്കുറിച്ചാണ് യാക്കോബ് പറയുന്നത്. നാം കഷ്ടതകളിൽ കൂടി ദൈവനാമ മഹത്വത്തിനായി കടന്നുപോകുമ്പോൾ ദൈവം നമ്മെ കരുതുന്നു എന്ന് ഓർമ്മിപ്പിച്ചുകൊണ്ട് പ്രവാചകന്മാർ പ്രോത്സാഹനമരുളുന്നു. പ്രവാചകനായ ഏലിയാവ് ദുഷ്ടനായ ആഹാബിനോട് മൂന്നര വർഷക്കാലം ദേശത്ത് വരൾച്ച ഉണ്ടാകുമെന്ന് പ്രഖ്യാപിച്ചു. ആ വരൾച്ച ഏലിയാവിനും ബാധകമായിരുന്നു. എങ്കിലും ദൈവം അവനെ കരുതുകയും ബാലിന്റെ പുരോഹിതന്മാരുടെ മേൽ അവന് വിജയം നൽകുകയും ചെയ്തു. അനേകം പ്രവാചകന്മാർ വലിയ പീഡനങ്ങളും കഷ്ടതകളും സഹിച്ചിട്ടുള്ളത് അവിശ്വാസികളിൽ നിന്നു മാത്രമല്ല, വിശ്വാസികളെന്ന് അവകാശപ്പെടുന്നവരുടെ കൈയ്യിൽ നിന്നും കൂടിയാണ്. യിരമ്യാ പ്രവാചകനെ ഒരു രാജ്യദ്രോഹിയെപ്പോലെ കുറ്റം ചുമത്തി മരിക്കുവാൻ തക്കവണ്ണം പൊട്ടക്കിണറ്റിലിട്ടു. യെരുശലേം ഭയാനകമായ നിലയിൽ നിരോധിച്ചിരുന്ന കാലത്തും പ്രവാചകൻ കൊല്ലപ്പെടുമെന്നു കരുതിയപ്പോഴും ദൈവം യിരമ്യാവിനെ പോഷിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്തു. യെഹസ്ക്കേലിനും ദാനിയേലിനും കാഠിന്യങ്ങൾ നേരിടേണ്ടി വന്നെങ്കിലും ദൈവം അവരെ വിടുവിച്ചു. ചിലർ വിടുവിക്കപ്പെടാതിരുന്നെങ്കിലും അവർ വിശ്വസത്തിനുവേണ്ടി മരിക്കുകയും ദൈവത്തോട് വിശ്വസ്തരായി ജീവിച്ചതിനുള്ള പ്രത്യേക പ്രതിഫലം പ്രാപിക്കുകയും ചെയ്തു.

3. ഇയ്യോബ് (5:11). കഷ്ടതയുടെ കാര്യത്തിൽ ഇയ്യോബിനെക്കാൾ മറ്റൊരു ഉദാഹരണം കണ്ടെത്തുവാൻ പ്രയാസമാണ്. സാഹചര്യങ്ങൾ അവനെതിരായിരുന്നു. ആരോഗ്യവും ധനവും നഷ്ടപ്പെട്ടു. പ്രിയപ്പെട്ട കുഞ്ഞുങ്ങൾ മരിച്ചുപോയി. ഭാര്യ എതിരായി തീർന്നു. സ്നേഹിതന്മാർ വിരോധികളായി. താൻ കപടഭക്തനാകയാൽ ദൈവത്തിന്റെ ന്യായവിധിയാണിതെന്ന് അവർ കുറ്റപ്പെടുത്തി. ദൈവം തന്നെയും തനിക്കെതിരായെന്ന് തോന്നിപ്പോയി. തന്റെ ചോദ്യങ്ങളുടെ ഉത്തരത്തിനായി ഇയ്യോബ് കരഞ്ഞപേക്ഷിച്ചപ്പോൾ സ്വർഗ്ഗം ഒരു മറുപടിയും നൽകിയില്ല. എങ്കിലും ഇയ്യോബ് അതൊക്കെയും സഹിച്ചു. ഇയ്യോബ് ദൈവത്തോട് കോപിക്കുമെന്നും വിശ്വാസം ത്യജിക്കുമെന്നും സാത്താൻ പ്രഖ്യാപിച്ചെങ്കിലും അതൊന്നും സംഭവിച്ചില്ല. തന്റെ വിശ്വാസം ഇയ്യോബ് കൈവിട്ടില്ല. അവൻ എന്നെ കൊന്നാലും ഞാൻ അവനെത്തന്നെ കാത്തിരിക്കും; ഞാൻ എന്റെ നടപ്പ് അവന്റെ മുമ്പാകെ തെളിയിക്കും (ഇയ്യോബ് 13:15) എന്നാണ് അവൻ പറഞ്ഞത്.

ഇയ്യോബ് നീതിമാനായിരുന്നിട്ടും കഷ്ടം അനുഭവിച്ചു. ദൈവം അവനിൽ യാതൊരു ദോഷവും ആരോപിക്കുന്നതുമില്ല. സാത്താനും യാതൊന്നും കണ്ടെത്തുന്നതുമില്ല. തന്റെ സ്നേഹിതന്മാർക്ക് ആരോപണങ്ങൾ തെളിയിക്കുവാൻ കഴിഞ്ഞില്ല. കഷ്ടതമൂലം നമ്മെ ശിക്ഷിക്കുന്നതിനെക്കാൾ ദൈവത്തിന് ഉന്നതമായ ഉദ്ദേശ്യങ്ങളുണ്ടെന്ന് ഇയ്യോബ് നമ്മെ പഠിപ്പിക്കുന്നു. ദൈവത്തിന്റെ പുത്രനായ ക്രിസ്തുവും കഷ്ടം അനുഭവിച്ചത് തന്റെ പാപങ്ങൾ മൂലമല്ല, മുഴുലോകത്തിന്റെയും പാപത്തിനു വേണ്ടിയായിരുന്നു. കഷ്ടതയുടെ ലക്ഷ്യങ്ങളിലൊന്ന് സ്വഭാവരൂപവത്കരണമാണ്. തീച്ചൂളയുടെ അനുഭവത്തിൽകൂടെ കടന്നുപോയ ഇയ്യോബ് തീർച്ചയായും ഒരു നല്ല മനുഷ്യനായിട്ടാണ് പുറത്തുവന്നത്.

കൃഷിക്കാരനെപ്പോലെ ദൈവനാമം മഹത്വപ്പെടുന്ന ഫലം ലഭിക്കാനായും, പ്രവാചകന്മാരെപ്പോലെ സാക്ഷ്യത്തിന് അവസരങ്ങൾ ലഭിക്കുവാനും ദൈവിക സത്യങ്ങൾ പങ്കിടുവാനും ഇയ്യോബിനെപ്പോലെ ദൈവം തന്റെ മക്കളെ ആവശ്യമില്ലാതെ ഒരിക്കലും കഷ്ടപ്പെടുത്തുകയില്ലെന്നറിഞ്ഞുകൊണ്ട്, കർത്താവിന്റെ സ്നേഹപൂർവ്വമായ ഉദ്ദേശ്യം പൂർത്തീകരിക്കുവാനും നമുക്ക് കാത്തിരിക്കാം.

പാസ്റ്റർ എം. സാമുവൽകുട്ടി

## ക്ഷണികതയുടെ മധുരിമ

(നാലാം പേജിൽ നിന്ന് തുടർച്ച)

കുടിയല്ല മരിക്കുന്ന നേരത്തും
മദ്ധ്യേയിങ്ങനെ കാണുന്ന നേരത്തു
മത്സരിക്കുന്നതെന്തിനു നാം വൃഥാ?

ഒത്തൊരുമിച്ചുള്ള പ്രവൃത്തികൾ വേണമെങ്കിൽ ഞാൻ മികച്ചവൻ എന്ന ചിന്ത ഉപേക്ഷിക്കണം. ചുണ്ടൻവള്ളം വിജയകരമായി കുതിച്ചു മുന്നേറണമെങ്കിൽ എല്ലാ തുഴക്കാരും താളത്തിനൊത്ത് ഒരേ സമയത്ത് തുഴയണം. ഞാനാണ് ഏറ്റവും മികച്ച തുഴക്കാരൻ, എനിക്ക് ബോധിക്കുമ്പോൾ ഞാൻ തുഴയും എന്നൊരുവൻ കരുതിയാൽ സംഘത്തിന്റെയും അതുവഴി അയാളുടെയും വിജയപ്രതീക്ഷ തകർന്നതുതന്നെ.

അതുകൊണ്ട് ഓരോ നിമിഷവും വളരെ വിലപ്പെട്ടതാണെന്ന യാഥാർത്ഥ്യം വിസ്മരിക്കാതെ അവനവൻ ചെയ്യേണ്ട കാര്യങ്ങൾ കൃത്യതയോടെ ചെയ്യണം. ക്ഷണികമായ ഈ ജീവിതം അങ്ങനെ മധുരതരമാക്കാം! ദുഃഖം സന്തോഷമായി മാറും. ജീവിതവിജയത്തിന് ആശംസകളോടെ കാത്തിരിക്കാം.

## നിന്റെ ദൈവം എന്റെ ദൈവം

(മൂന്നാം പേജിൽ നിന്ന് തുടർച്ച)

യിൽ ദൈവത്തെ കണ്ടെത്തിയത്. വേദനയിൽ അകപ്പെട്ടപ്പോൾ അറിയാതെ അധരങ്ങളിലൂടെ കൊഴിഞ്ഞുവീണ പ്രത്യാശയുടെ വാക്കുകളിലാ യിരിക്കാം രൂത്ത് നൊവൊമിയുടെ ദൈവത്തെ കണ്ടെത്തിയത്.

സ്വന്തമായിരിക്കേണ്ടവരെല്ലാം മരണം വഴിയായി വേർപ്പെടുമ്പോൾ എല്ലാവരിൽ നിന്നും അകന്ന്മാറി വൈധവ്യവസ്ത്രം ധരിക്കേണ്ടിവന്നപ്പോൾ, സ്വന്തം മക്കളുടെ ശവശരീരങ്ങളുടെ അരികിൽ ജീവച്ഛവം പോലെ നിന്നപ്പോൾ, എപ്പോഴാണ് എന്ന് വ്യക്തമല്ല എങ്കിലും രൂത്തിന് നൊവൊമിയിൽ ദൈവത്തെ കണ്ടത്തുവാൻ കഴിഞ്ഞു എന്നതാണ് സത്യം.

പ്രിയരേ, മറ്റോരാൾ നമ്മിൽ കണ്ടെത്തേണ്ടത് നമ്മുടെ കഴിവുകളും പണവും സ്ഥാനമാനങ്ങളും സൗന്ദര്യവുമൊന്നുമല്ല; നമ്മുടെ ദൈവത്തെയാണ്. ദൈവത്തെ പ്രതിഫലിപ്പിക്കുന്ന ജീവിതക്രമങ്ങളിലേക്ക് നമുക്ക് മടങ്ങിവരാം. വ്യക്തിബന്ധങ്ങളിൽ, ഭാര്യാഭർത്തൃ ബന്ധത്തിൽ, ഗുരുശിഷ്യ ബന്ധങ്ങളിൽ, ഇതരസാമൂഹിക ബന്ധങ്ങളിൽ തെളിഞ്ഞ് നിൽക്കേണ്ടത് ദൈവമാണ്. നൊവൊമിയിൽ രൂത്ത് കണ്ടെത്തിയ ദൈവം നഷ്ടങ്ങളെ ലാഭമാക്കുന്നവനായിരുന്നു, ക്ഷാമത്തെ പരിഹരിക്കുന്നവനായിരുന്നു, വീണ്ടെടുപ്പുകാരനായിരുന്നു. വഴി മാറിപ്പോയ വസന്തങ്ങളെ മടക്കിവരുത്തുന്ന ദൈവത്തെ ജീവപര്യന്തം ജീവിതത്തിലൂടെ പ്രതിഫലിപ്പിക്കുവാൻ നമുക്ക് സാധിക്കട്ടെ!

### *വിശ്വാസി* ഇ-മെയിൽ ആയി ലഭിക്കാൻ

*വിശ്വസി* മാസിക പി.ഡി.എഫ് ആയി ഇ-മെയിൽ ലഭിക്കാൻ ആഗ്രഹിക്കുന്നവർ തങ്ങളുടെ ഇ-മെയിൽ ഐഡി msamuelkutty@gmail.com എന്ന വിലാസത്തിൽ അയക്കുക


### MATRIMONIAL

ഡൽഹിയിൽ പ്രശസ്തമായ ഹോസ്പിറ്റലിൽ സ്റ്റാഫ് നെഴ്സായി (ജി.എൻ.എം) ജോലി ചെയ്യുന്ന സിറിയൻ ക്രിസ്ത്യൻ പെന്തക്കോസ്ത് യുവതിക്ക് (24 വയസ്, 162 സെ.മീ. ഉയരം, ഫെയർ) ആത്മീയരായ പെന്തക്കോസ്ത് യുവാക്കളുടെ (വിദേശത്ത് ജോലിയുള്ളവർക്ക് മുൻഗണന) മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

ഫോൺ: 9061619793, 9207069093.



**വരിസംഖ്യ നിരക്ക് ഒരുവർഷത്തേക്ക്**

| | | |
|---|---|---|
| ഇന്ത്യയിൽ | | :36 രൂപ |
| ഗൾഫ് | | :300 രൂപ |
| യു.എസ് | $ | :10 |
| കാനഡ | $ | :10 |


### ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*-പത്രാധിപർ*


**എഡിറ്റോറിയൽ ബോർഡ്**

**ചീഫ് എഡിറ്റർ**
പാസ്റ്റർ എം. സാമുവൽകുട്ടി

**അസ്സോസിയേറ്റ് എഡിറ്റേഴ്സ്**
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയി പി. ജോൺ
ഷിബു തമ്പി

**പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ**
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്: *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

വചനദീപ്തം

# നിന്റെ ദൈവം എന്റെ ദൈവം



പാസ്റ്റർ മനോജ് തമ്പി
മങ്ങാട്

വഴിമുട്ടിയജീവിതത്തിന് മറ്റൊരാളാണ് കാരണമെന്ന് പറയുകയോ, സ്വന്തം വേദന മറ്റൊരാളുടെ വേദനയായി മാറാതിരിക്കാൻ ശ്രമിക്കുകയോ ചെയ്യുന്നവർ വളരെ വിരളമാണ്. അത്തരത്തിൽ മൂല്യമുള്ള ശക്തയായ വേദപുസ്തക വനിതാ കഥാപാത്രമാണ് നൊവൊമി. അപ്പത്തിന്റെ ഭവനമെന്ന അപരനാമത്തിലറിയപ്പെടുന്ന ബെദ്‌ലെഹേം ഫലപുഷ്ടിയും സമ്പദ് സമൃദ്ധിയുമുള്ള നാടായിരുന്നു. വളക്കൂറുള്ള മണ്ണിൽ വരൾച്ചയുടെ ഭീകരത മൂടി നിൽക്കും വിധം ക്ഷാമം കൊടുംമ്പിരിക്കൊണ്ടു. ജീവന്റെ നിലനിൽപ്പിനാധാരമായ ഭക്ഷണത്തിന്റെ കുറവ് നികത്തുവാൻ മറ്റൊരുമാർഗ്ഗം അവലംബിക്കേണ്ടിവന്ന രാജ്യത്തിലേക്ക് കുടിയേറിപാർക്കുന്നതോടെ ഹൃദയസ്പർശിയായ അനുഭവങ്ങൾ വേദഗ്രന്ഥം ചിത്രീകരിക്കുന്നു.

നഷ്ടങ്ങളുടെ നീണ്ട ചരിത്രമാണ് നൊവൊമിക്ക് പറയാനുള്ളത്. ഭാര്യ എന്ന നിലയിലും അമ്മ എന്ന നിലയിലും തീരാനഷ്ടമാണ് ഭർത്താവിന്റെയും മക്കളുടെയും മരണത്തിലൂടെ നൊവൊമിക്ക് ഉണ്ടായത്. ഓരോ തവണ വെട്ടേൽക്കുമ്പോഴും വെട്ടേറ്റ പാടുകളിലൂടെ പുതിയ ശിഖരങ്ങൾ പുറത്ത് കൊണ്ടു വരുന്ന മാന്ത്രിക ച്ചെടിയെപ്പോലെയല്ല മനുഷ്യജീവിതമെന്ന് നൊവൊമി നമ്മെ പഠിപ്പിക്കുന്നു. ഭർത്താവും മക്കളുമൊന്നിച്ചുള്ള ജീവിതം മധുരമുള്ളതാണെന്നും അവരുടെ നഷ്ടം ജീവിതത്തെ കയ്പുള്ളതാക്കി (മാറാ) തീർക്കുമെന്നും ആ സ്ത്രീ സാക്ഷ്യപ്പെടുത്തുന്നു (രൂത്ത് 1:20). ഭർത്താവിന്റെ മരണ ശേഷം ആൺമക്കളുടെ വിവാഹം മോവാബിൽ വച്ച് നടക്കുമ്പോൾ മരുമക്കളുടെ വരവോടെ വേദനകൾക്ക് അവസാനമുണ്ടാകുമെന്ന് പ്രതീക്ഷിച്ച നൊവൊമിയുടെ ആഗ്രഹങ്ങളുടെ ചിറകരിഞ്ഞ്കൊണ്ട് മരണമണി വീണ്ടും നൊവൊമിയുടെ കുടുംബത്തിൽ മുഴങ്ങി. ആൺമക്കൾ ഇരുവരും അപ്രതീക്ഷിതമായി മരണപ്പെടുന്നതോടെ ഏകാന്തതയുടെ തടവറവാതിൽ നൊവൊമിക്കായി കാത്തിരുന്നു. ദുർഭിക്ഷതയിൽ നിന്ന് സുഭിക്ഷതയിലേക്ക് ചുവടു വയ്ക്കുമ്പോൾ താളപ്പിഴ സംഭവിക്കുമെന്ന് നൊവൊമി അറിഞ്ഞിരുന്നില്ല. അന്നം തേടിയിറങ്ങിയപ്പോൾ കുടുംബം തകരുമെന്ന് അറിയാതിരുന്ന നൊവൊമി മോവാബിനെ ഉപേക്ഷിക്കുവാൻ തീരുമാനിച്ചു. ബെദ്‌ലെഹേമിനെ ദൈവം സന്ദർശിച്ചപ്പോൾ ക്ഷാമം മാറുകയും ദേശം സമൃദ്ധമാകുകയും ചെയ്തു. അമ്മാവിഅമ്മയായ നൊവൊമി തന്റെ മരുമക്കളോട് യാത്ര ചോദിക്കുന്ന രംഗം; അവിടെയാണ് കഷ്ടനഷ്ടങ്ങൾ മുഴുവൻ അനുഭവിച്ച നൊവൊമി ആരാണെന്ന് രേഖപ്പെടുത്തിയിരുക്കുന്നത്. മരുമക്കളിൽ ഒരുവളായ ഒർപ്പ അമ്മായി അമ്മയോട് യാത്ര പറഞ്ഞ് പോകുമ്പോൾ മറ്റൊരു മരുമകൾ രൂത്ത് നടത്തിയ സംഭാഷണം വളരെ ശ്രദ്ധേയമാണ്. നൊവൊമി രൂത്തിനെ അവളുടെ പിതൃഭവനത്തിലേക്ക് മടങ്ങിപ്പോകുവാൻ നിർബന്ധിക്കുമ്പോൾ വേർപിരിയുവാൻ കഴിയാത്ത നിലയിൽ രൂത്ത് തന്റെ അമ്മാവിഅമ്മയുടെ മാതൃകാപരമായ ജീവിതത്തിൽ ആകൃഷ്ഠയായിക്കഴിഞ്ഞിരുന്നു.

> മറ്റൊരാൾ നമ്മിൽ കണ്ടെത്തേണ്ടത് നമ്മുടെ കഴിവുകളും പണവും സ്ഥാനമാനങ്ങളും സൗന്ദര്യവുമൊന്നുമല്ല; നമ്മുടെ ദൈവത്തെയാണ്. ദൈവത്തെ പ്രതിഫലിപ്പിക്കുന്ന ജീവിതക്രമങ്ങളിലേക്ക് നമുക്ക് മടങ്ങിവരാം. വ്യക്തിബന്ധങ്ങളിൽ, ഭാര്യാഭർത്തൃ ബന്ധത്തിൽ, ഗുരുശിഷ്യ ബന്ധങ്ങളിൽ, ഇതരസാമൂഹിക ബന്ധങ്ങളിൽ തെളിഞ്ഞ് നിൽക്കേണ്ടത് ദൈവമാണ്

പ്രതിസന്ധികളുടെയും നഷ്ടങ്ങളുടെയും നടുവിലും നൊവൊമിയുടെ ജീവിതത്തിലൂടെ ദൈവം എന്ന സത്യം പ്രതിബിംബിച്ച് നിന്നിരുന്നു. രൂത്ത് എന്ന മരുമകൾ അമ്മാവിഅമ്മയായ നൊവൊമിയിൽ ദൈവത്തെ കണ്ടെത്തി. നിന്റെ ദൈവം എന്റെ ദൈവം എന്ന രൂത്തിന്റെ പ്രസ്താവന എക്കാലത്തും ഒരു ഭർത്തൃമാതാവിന് ലഭിക്കാവുന്ന ഏറ്റവും വലിയ സാക്ഷ്യവും ബഹുമതിയുമാണ്. ദൈവം ഇന്നും എന്നും വ്യക്തികളുടെ ദൈവമായി അറിയപ്പെടുവാൻ ആഗ്രഹിക്കുന്നു. വ്യക്തികളുടെ ജീവിതത്തിൽ എന്തെല്ലാം ആയിതീരണമോ അതെല്ലാം ആകുവാൻ ദൈവം ആഗ്രഹിക്കുന്നു. ജീവിതത്തിലെ പരീക്ഷണഘട്ടങ്ങളിൽ, രോഗങ്ങളിൽ, ഏകാന്തതയിൽ, പ്രിയപ്പെട്ടവരുടെ വേർപാടിൽ എല്ലാ അവസ്ഥയിലും ദൈവം മനുഷ്യന് വേണ്ടി നിലകൊള്ളുന്നു. എന്നാൽ മനുഷ്യനെ ദൈവത്തിന് ലഭിക്കപ്പെടാത്തതിനാൽ, മനുഷ്യൻ ദൈവ കരങ്ങളിൽ വിധേയപ്പെടാത്തതിനാൽ പ്രശ്നങ്ങളുടെ മുന്നിൽ മനുഷ്യൻ പതറുന്നു, ഏകനാകുന്നു. ദൈവം സൃഷ്ടിച്ച മനുഷ്യൻ ഒരിക്കലും ഒറ്റയ്ക്കല്ല, മനുഷ്യനിൽ അധിവസിക്കുവാനാഗ്രഹിക്കുന്ന ദൈവം എപ്പോഴും അവന്റെ അരികിലുണ്ട്. ഒരുപക്ഷേ മനുഷ്യൻ അത് മനസ്സിലാക്കുമ്പോഴേക്കും സമയം അതിക്രമിച്ചിരിക്കും. നൊവൊമിയുടെ ദൈവം ഒരു സങ്കൽപ്പമായിരുന്നില്ല, സ്വകാര്യസ്വത്തായിരുന്നില്ല പ്രത്യുത മറ്റുള്ളവരെ സ്വാധീനിക്കുന്ന യാഥാർത്ഥ്യമായിരുന്നു. നൊവൊമി യുടെ ജീവിതത്തെക്കുറിച്ച് മനസ്സിലാക്കുമ്പോൾ, സാഹചര്യങ്ങളോടുള്ള നൊവൊമിയുടെ പ്രതികരണത്തിലായിരിക്കാം രൂത്ത് നൊവൊമി

(ശേഷം രണ്ടാം പേജിൽ)

(നാലാം പേജിൽ നിന്ന് തുടർച്ച)

# പ്രാർത്ഥനയുടെ വിജയം

**ആരോട് പ്രാർത്ഥിക്കണം.**

പ്രാർത്ഥനയ്ക്ക് മറുപടി നൽകുവാൻ കഴിവുള്ളവനോട് പ്രാർത്ഥിക്കണം. ഒരു ഭക്തനായ മനുഷ്യൻ പ്രസ്താവിച്ച വചനം വായിക്കുമ്പോൾ ദൈവം നമ്മോട് സംസാരിക്കുന്നു പ്രാർത്ഥിക്കുമ്പോൾ ദൈവത്തോടു നാം സംസാരിക്കുന്നു. മരിച്ചുപോയ വിശുദ്ധന്മാരോടോ വിശുദ്ധമതികളോടോ പ്രാർത്ഥിക്കുവാൻ ദൈവവചനം അനുവദിക്കുന്നില്ല. പ്രാർത്ഥന കേൾക്കുന്നവന്റെ അടുക്കലേക്കാണ് സകല ജഡവും അടുത്ത് ചെല്ലുന്നത്. പ്രാർത്ഥനയിൽ ദൈവത്തിന്റെ ധാരാളം വാഗ്ദത്വങ്ങൾ അടങ്ങിയിട്ടുണ്ട്.

1. ഉത്തരം അരുളും
2. ഞാൻ കേൾക്കും
3. ഞാൻ അറിയിക്കും
4. കിട്ടും
5. ചെയ്തു തരും

ഇങ്ങനെയുള്ള നിരവധി വാഗ്ദത്വങ്ങൾ ദൈവ ജനത്തിന്റെ മുതൽകൂട്ടാണ് എന്നാൽ എല്ലാ പ്രാർത്ഥനയ്ക്കും ദൈവം ഉത്തരം അരുളുന്നില്ല. എങ്കിലും പ്രാർത്ഥനയ്ക്കുള്ള വ്യവസ്ഥകളെ വേദപുസ്തകാടിസ്ഥാനത്തിൽ നമുക്ക് ചിന്തിക്കാവുന്നതാണ്.

1. ജല്പനം ചെയ്യരുത്
2. ക്രമീകരണത്തോടെ
3. മുഖമന്വേഷിക്കും താഴ്ത്തി
4. ശ്രദ്ധയോടെ
5. വിശദ്ധ കൈകളെ ഉയർത്തി
6. ഹൃദയ നുറുക്കത്തോടെ
7. സംശയിക്കാതെ
8. ഏറ്റു പറഞ്ഞ്
9. ഐക്യതയോടെ

**എപ്പോൾ പ്രാർത്ഥിക്കണം**

കാലത്ത് ഉച്ചയ്ക്ക് വൈകിട്ട് ഏത് നേരത്തും

ഏതെല്ലാം വിഷയങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണം

1. രക്ഷയ്ക്കുവേണ്ടി
2. ദൈവ ഹിതത്തിനു വേണ്ടി
3. ഉണർവിനുവേണ്ടി
4. വേലക്കാരെ എഴുന്നേൽപ്പിക്കുവാൻ
5. അധികാരസ്ഥന്മാർക്കു വേണ്ടി
6. എല്ലാറ്റിനും വേണ്ടി
7. സഭാ ഭാരവാഹികൾക്കു വേണ്ടി

**ആരോട് പ്രാർത്ഥിക്കരുത്**

1 വെളിച്ചപ്പാടന്മാരോട് (യെശ. 8:19)
2. ലക്ഷണവാദികളോട് (യെശ. 8:19)
3. മരിച്ചവരോട് (യെശ. 8:19)
4. മന്ത്രവാദികളോട് (ലേവ്യ. 19:31)

സകലത്തിനും നമുക്ക് സമയം ലഭിക്കാറുണ്ട്. എന്നാൽ പ്രാർത്ഥനയുടെ സമയമാണ് സാത്താൻ കവർന്നെടുക്കുന്നത്. കാരണം പ്രാർത്ഥനയുടെ ശക്തി അത്ര വലുതാണ് 2-ാം ലോക മഹായുദ്ധകാലത്ത് ഹിറ്റ്ലറുടെ നേതൃത്വത്തിൽ ജർമ്മൻപട രാജ്യങ്ങൾ ഒന്നൊന്നായി കീഴടക്കുവാൻ തുടങ്ങി. യൂറോപ്പ് ജർമ്മനിക്കതീതമാകുവാൻ ഇനി ഇംഗ്ലണ്ട് കൂടി പിടിച്ചടക്കിയാൽ മതിയെന്ന നില വന്നു. അങ്ങനെ ഇംഗ്ലണ്ടിലേക്കു ജർമ്മൻ സൈന്യം ഇരമ്പിയെത്തിയപ്പോൾ പരാജയപ്പെടുമെന്ന് അറിഞ്ഞ് ഇംഗ്ലണ്ടിന്റെ പ്രധാനമന്ത്രി മേചർ ലെയർ രാജി വച്ചു തുടർന്നു മഹാനായ വിൻസ്റ്റൺ ചർച്ചിൽ അധികാരമേറ്റു. അദേഹം ചെയ്തത് ജനത്തോട് ഇംഗ്ലണ്ടിന്റെ വിജയത്തിനായി പ്രാർത്ഥിക്കുവാൻ പറയുകയായിരുന്നു. ജനം പ്രാർത്ഥിക്കുവാൻ തുടങ്ങി പ്രാർത്ഥന കേൾക്കുന്ന ദൈവം മറുപടി നൽകി ഹിറ്റ്ലറുടെ പട്ടാളം ചിന്നിചിതറി. കഠിനമായ മഞ്ഞു വീഴ്ച ജർമ്മനിയുടെ മുന്നേറ്റത്തിന് തടസ്സമായി നിന്നു ആയുദ്ധത്തിൽ ജർമ്മനി പരാജയപ്പെട്ടു. ധനനഷ്ടം, ആൾ നഷ്ടം എന്നിവയാൽ സഖ്യ രാജ്യങ്ങൾ ജർമ്മനിയെ ഉപേക്ഷിച്ചു. ജർമ്മനി രണ്ടായി വിഭാഗിക്കപ്പെട്ടു. ഹിറ്റ്ലർ ആത്മമഹത്യ ചെയ്തു. ഇതാണ് പ്രാർത്ഥനയുടെ വിജയം.


## വിശ്വാസ ഗീതങ്ങൾ

ഒരു ഉത്തമ ഗാനോപഹാരം

മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, റോമൻ സ്ക്രിപ്റ്റിലുമായി
1000ൽപരം ഗാനങ്ങൾ
കൂടാതെ സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ,
പ്രേംവാണി(ഹിന്ദി), കൺവൻഷൻ ഗാനങ്ങൾ,
സ്നേഹമാധുരി, പ്രേമമാധുരി(തെലുങ്ക്),
സ്നേഹ നിധി (എം. പി. ത്രി)
എന്നീ ആഡിയോ സിഡികളും ലഭ്യമാണ്

**Pastor M. Samuelkutty**
Yash Apartments, Flat no 101, First Floor, 96/E,
Ward No: 2, Mehrauli, New Delhi-110030

ക്രമീകൃത വേദപഠനത്തിന് ഒരു അംഗീകൃത സ്ഥാപനം

## ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ്

(ഒരു ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്ഥാപനം)

| കോഴ്സ് | കാലദൈർഘ്യം | യോഗ്യത |
|---|---|---|
| ബാച്ചിലർ ഇൻ തിയോളജി | 3 വർഷം | +2, എച്ച്. എസ്. ഇ. |
| ഡിപ്ലോമ ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി |
| സർട്ടിഫിക്കറ്റ് ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി |

സുവിശേഷീകരണത്തിൽ പ്രായോഗിക പരിശീലനം
യോഗ്യതയും ആത്മനിറവുമുള്ള അധ്യാപകർ
പഠനാനന്തരം ശുശ്രൂഷയ്ക്കുള്ള അവസരങ്ങൾ
അയാട്ട (IATA) അംഗീകൃതം

റഗുലർ ബാച്ചിൽ പഠിക്കുവാൻ കഴിയാത്ത ഉദ്യോഗസ്ഥർക്കും സുവിശേഷവേലയിൽ താല്പര്യമുള്ള കുടുംബസ്ഥർക്കും വേണ്ടി സി.റ്റി.എച്ച് സായാഹ്ന കോഴ്സ്.

Faith Celebration Bible College, Shanthy Nagar, Police Station Road,
Adoor PO, Pathanamthitta, Kerala 691523,
Ph. 04734 - 225213, 9961813058 E-Mail:- fcbcadur@yahoo.com
www.indianchristianmission.com

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

NEWSPAPER REGN. No. 65362/97
POSTAL REGN.NO. DL 07/0138/15 - 17
Date of Publication - 5th September 2016
Date of Posting - 7th & 8th of every month
Total Number of pages : 4

Tel : 91 9810084388, e-mail : icm4india@yahoo.com, website- www.indianchristianmission.com

Price Rs. 3/-

# പ്രാർത്ഥനയുടെ വിജയം

**ദൈവ**സഭയുടെ കാതലാണ് പ്രാർത്ഥന ഒരു മനുഷ്യനു ജീവന്റെ നിലനിൽപ്പിനു വായു ആവശ്യമായിരിക്കുന്നതുപ്പോലെ ദൈവസഭയുടെ വളർച്ചയ്ക്ക ഒഴിച്ചുകൂട്ടാൻ പറ്റാത്ത ഒന്നത്രേ പ്രാർത്ഥന പ്രാർത്ഥനയെക്കുറിച്ച് ധാരാളം വാദമുഖങ്ങൾ നിലവിൽ നിൽക്കുന്നുണ്ട്. പെന്തക്കോസ്തു സമൂഹം എന്തുകൊണ്ട് യേശു പഠിപ്പിച്ച പ്രാർത്ഥന ചൊല്ലുന്നില്ല, അതിനു കാരണം എന്താണ്. തന്റെ ശിഷ്യന്മാരെ പ്രാർത്ഥന പഠിപ്പിച്ചപ്പോൾ യേശുക്രിസ്തു പഠിപ്പിച്ച ആദ്യവാചകം സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്നാണല്ലോ. ഇതിന്റെ കാരണം യേശുവിനറിയാം ഇവിടെ ധാരാളം പുണ്യവാളന്മാരും പുണ്യവതികളും എഴുന്നേൽക്കും എന്നും ഇവരോട് നമ്മുടെ വിവേകമുള്ളവർ പ്രാർത്ഥിക്കും എന്ന് നല്ലതുപോലെ അറിയാമായിരുന്നു. കർത്താവ് പ്രാർത്ഥിക്കുമ്പോൾ സ്വർഗ്ഗസ്ഥനായ പിതാവിനോട് മാത്രമേ പ്രാർത്ഥിക്കാവൂ എന്ന്. നാം പ്രാർത്ഥനയിൽ എന്തെല്ലാം വിഷയങ്ങൾ ഉരുവിടേണം എന്നുള്ള മാതൃകയാണ് ആ പ്രാർത്ഥന. നാം ഒരു ജോലിക്കപേക്ഷിക്കുമ്പോൾ ആ ജോലി അപേക്ഷിക്കേണ്ടതായ ഒരു മാതൃക അവർ തരും ആ മാതൃകപ്രകാരം ആയിരിക്കണം നാം നമ്മുടെ ബയോഡാറ്റ തയ്യാറാക്കുമ്പോൾ ഇത്പോലെ ഒരു മാതൃക ദൈവം നമുക്ക് നൽകിയിരിക്കുകയാണ്. നാം സ്കൂളിൽ പഠിപ്പികുമ്പോൾ അധ്യാപകൻ നമ്മെ എഴുതുവാനും വായിക്കുവാനും അറിയേണ്ട ആദ്യാക്ഷരങ്ങൾ നമ്മെ പഠിപ്പിക്കുന്നു. നാം അത് പഠിച്ചു കഴിഞ്ഞാൽ പിന്നത്തേതിൽ ആ അക്ഷരങ്ങൾ ഉപയോഗിച്ച് നല്ല രീതിയിൽ നാം എഴുതുകയും വായിക്കുകയും ചെയ്യുന്നു.

പ്രാർത്ഥനയെ രണ്ടായിട്ട് തിരിക്കാം. പരസ്യ പ്രാർത്ഥനയും രഹസ്യ പ്രാർത്ഥനയും. പരസ്യ പ്രാർത്ഥനയ്ക്ക് പ്രാർത്ഥനാ വിഷയവും സമയപരിധിയും ഉണ്ട്. എന്നാൽ രഹസ്യപ്രാർത്ഥനയിൽ പ്രാർത്ഥനാ വിഷയങ്ങൾ ഉണ്ടെങ്കിലും സമയ പരിധി ഇല്ല. പരസ്യ പ്രാർത്ഥനയെക്കാൾ രഹസ്യപ്രാർത്ഥനയ്ക്കാണ് വേദപുസ്തകം പ്രാധാന്യം നൽകുന്നത്. കാരണം, നമ്മളോടുള്ള ദൈവത്തിന്റെ വാഗ്ദത്തങ്ങളെ അരക്കിട്ടുറപ്പിക്കുന്ന ഇടമാണ് രഹസ്യ പ്രാർത്ഥനാമുറി. അവിടെയാണ് സാത്താന്റെ കോട്ട കോത്തളങ്ങൾ ചീട്ട് കോട്ടാരം പോലെ തകർന്നടിയുന്നത്. ( Prayer is a communication) പ്രാർത്ഥന ദൈവത്തോട് സംസാരിക്കുന്ന ഉപാധിയാണ്.

> നമ്മളോടുള്ള ദൈവത്തിന്റെ വാഗ്ദത്തങ്ങളെ അരക്കിട്ടുറപ്പിക്കുന്ന ഇടമാണ് രഹസ്യ പ്രാർത്ഥനാമുറി. അവിടെയാണ് സാത്താന്റെ കോട്ട കോത്തളങ്ങൾ ചീട്ട് കൊട്ടാരം പോലെ തകർന്നടിയുന്നത്. പ്രാർത്ഥന ദൈവത്തോട് സംസാരിക്കുന്ന ഉപാധിയാണ്.



**പാസ്റ്റർ ജോസ് ശാമുവേൽ**
**ന്യൂഡൽഹി**

അവസോരിചതമായി നാം പ്രാർത്ഥിക്കാൻ പഠിക്കേണ്ടവരാണ്. വിവാഹ ശുശ്രൂഷയിൽ, ശവസംസ്ക്കാരത്തിന്റെ പ്രാർത്ഥന പ്രാർത്ഥിക്കരുത്. സഭായോഗത്തിന് കുടുംബയോഗത്തിന്റെ പ്രാർത്ഥന നാം നടത്തരുത്. വിശ്വാസികളിൽ അധികപേരും സഭായോഗത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം എന്നു പറയുമ്പോൾ ഒരുപാട് കാടുകയറി പ്രാർത്ഥിക്കുന്നവരെ എനിക്കറിയാം. വേദിക്കു അനുസൃതമായി വേണം നാം പ്രാർത്ഥിക്കുവാൻ. മറ്റുള്ളവർക്കു അരോചികമായി നമ്മുടെ പ്രാർത്ഥന മാറുകയും ആവർത്തന വിരസതകൾ വരാതിരിക്കുവാനും വളരെ ശ്രദ്ധിക്കേണ്ടതാണ്. ആഹാരത്തിനായി പ്രാർത്ഥിക്കുവാൻ പറയുമ്പോൾ അന്നു നടന്ന യോഗത്തിനായും ശുശ്രൂഷിച്ച ദൈവദാസന്മാർക്കായും തുടർന്നു നടക്കുന്ന യോഗത്തിനായും പ്രാർത്ഥിക്കേണ്ട ആവശ്യമില്ല. ആഹാരത്തെ ദൈവം വിശുദ്ധീകരിക്കേണ്ടതിനു മാത്രം പ്രാർത്ഥിച്ചു നിർത്തുക എന്നതാണ് ഉചിതം.

(ശേഷം രണ്ടാം പേജിൽ)

## ഉറവ

# ക്ഷണികതയുടെ മധുരിമ

കാർവില്ലു കാൽക്ഷണം
കൊണ്ടു മായില്ലയോ?
പൂവിന്നൊരു പകൽ മാത്രമല്ലേ നില?



**ഇവാ. ജോൺ സാമുവൽ**
**മണക്കാല**

പ്രശസ്ത കവിയുടെ വരികൾ ക്ഷണികതയുടെ മധുരിമ പകരുന്നു. മഴവില്ലിനോ പൂവിനോ ദീർഘായുസ്സില്ല. പക്ഷെ അവയുടെ സൗന്ദര്യത്തെ വെല്ലാൻ വിഷമം.എത്രകാലം ജീവിച്ചുവെന്നതിനെക്കാൾ പ്രധാനം എത്ര നന്നായി ജീവിച്ചുവെന്നത് തന്നെയല്ലേ? സ്വജീവിതത്തിന് ഇന്ന് തുടക്കമിടാൻ കഴിയില്ല; എന്നാൽ നല്ലരീതിയിൽ അവസാനിക്കണമെന്ന് കരുതി ഇന്നൊരു പുതിയ തുടക്കമാവാം. മനോഹരമായ പലതും ക്ഷണനേരത്തേക്കു മാത്രമേ നീണ്ടുനിൽക്കുന്നുള്ളു എന്നുവരാം. ആകാശത്തു മിന്നൽ വരയ്ക്കുന്ന വിസ്മയ രേഖകൾ എത്രവേഗം മായുന്നു! പക്ഷേ മിന്നൽപ്പിണരിന്റെ സൗന്ദര്യമോ അതിശക്തമായ വരങ്ങളോ ശാപങ്ങളോ നിസ്സാരമല്ല. കാലദൈർഘ്യത്തെക്കാൾ ഗുണമേന്മയാവും പലതിനും മേന്മ പകരുന്നത്.

ഇത് ഓണക്കാലമാണ്. ലോകമെമ്പാടുമുള്ള മലയാളികൾ ആഘോഷപൂർവ്വം ഈ ഉത്സവം കൊണ്ടാടുന്ന ദിനങ്ങൾ. ഐതിഹത്തിന്റെ താളുകളിൽ മറയപ്പെട്ട മഹാബലിയുടെ ഭരണകാലഘട്ടം. കെട്ടിച്ചമച്ച കഥകൾക്ക് നിറച്ചാർത്ത് നടത്തി പറഞ്ഞുപരത്തി തലമുറകളിലേക്ക് പതിപ്പിക്കാൻ ശ്രമിക്കുന്ന് പ്രവണത തെറ്റോ ശരിയോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. പാടുന്നതിനും പറയുന്നതിനും തികച്ചും വിപരീതം.

ആഘോഷങ്ങൾക്ക് നിയന്ത്രണം വേണമെന്ന് ഭരണസാരഥികൾ പറയുമ്പോഴും അതിന് ഒട്ടും അയവുവരുത്താതെ ആടിത്തിമർക്കാനാണ് ആഘോഷകരുടെ ആശ. ആംഗുലീപരിമിതങ്ങളായ ദിനങ്ങളാണെങ്കിലും കാണം വിറ്റും ഓണം ഉണ്ണണം എന്ന പഴമൊഴിക്കു തുല്ല്യം അതിർവരമ്പുകളും ഉയർച്ച താഴ്ചകളും ഒന്നുമില്ലാതെ മാലോകർ മതിമറന്ന് ഒരുമിച്ച് രുചിയൂറും വിഭവങ്ങൾ ആസ്വദിക്കുകയാണ്. വർഷത്തിലെ ഓരോ ദിനങ്ങളും ഇത്തരം സമൃദ്ധിയുടെ ദിനങ്ങൾ ആയിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു. ഒരിക്കൽ ഉൾക്കാഴ്ചയിൽ ഉരുവിട്ടത് പലനാളുകൾക്കുശേഷം വീണ്ടും എന്റെ ഉള്ളിലേക്ക് തിരികെയെത്തി.

റോമൻ ചക്രവർത്തിയായിരുന്ന മാർക്കസ് ഓറീലിയസ് (0121 –0180) പറഞ്ഞു: എല്ലാം ക്ഷണികമാണ്– പ്രസിദ്ധിയും പ്രസിദ്ധരും. വിജയങ്ങൾ ക്ഷണികമാണെന്നു ലോക ടെന്നീസിലെ ഇതിഹാസമായ ബില്ലി ജീൻ കിങ്. നിങ്ങളില്ലെങ്കിലും ജീവിതം മുന്നോട്ടു പോകുമെന്ന് സ്പോട്സ് പഠിപ്പിക്കുന്നുവെന്നും ബില്ലി. സിംഗിൾസിലും ഡബിൾസിലുമായി 39 ഗ്രാൻഡ് സ്ലാം ടൈറ്റിലുകൾ നേടിയ താരമാണിവരെന്നോർക്കുക.

അമേരിക്കൻ എഴുത്തുകാരി ഡാലിയ സോഫർ പറഞ്ഞു: ശാശ്വതമെന്നതു മിഥ്യാ സങ്കൽപം. അതിരു മാറും, നിറം മങ്ങും, കമിതാക്കൾ അകലും, സർവ്വപ്രധാനമെന്ന് തോന്നിയത് വിസ്മരിക്കപ്പെടും. സകലതും നൈമിഷികങ്ങളാണ്. പ്രത്യേകിച്ച് ഹൃസ്വമായ മനുഷ്യജീവിതം. വെള്ളത്തിലെ കുമിളപോലെ വർണ്ണശോഭയും സൗരഭ്യവും പരത്തിയനന്തരം നിമിഷങ്ങൾക്കകം നിറം മങ്ങികൊഴിയും പുഷ്പംപോലെ, ചാഞ്ഞുപോകുന്ന നിഴൽപോലെ, കരിഞ്ഞു വാടിപോകുന്ന പുല്ലുപോലെ ഹൃസ്വമാണ് ഈ ജീവിതം. ദുരിതങ്ങളും ദുരന്തങ്ങളും നിറം മങ്ങിയ ജീവിതത്തിനുടമകളാക്കി ഇന്നും അനേകരെ അവശരാക്കുന്നു. പരിമിതികളും പരാധീനതകളും സ്വന്തതമായുള്ളവൻ സ്വപ്നങ്ങൾ കണ്ടാൽ കണ്ണീരൊഴിഞ്ഞ ദിനങ്ങൾ അധികമുണ്ടാകയില്ല. ഉള്ളതുകൊണ്ട് എല്ലാം ഉള്ളവനെപ്പോലെ ജീവിക്കാൻ നമുക്ക് സാധിക്കണം.

എത്രപേർക്ക് എന്തെല്ലാം സഹായം ചെയ്തെന്നതു നന്മയുടെയും ജീവിത വിജയത്തിന്റെയും സൂചകമാകാം. ചേതമില്ലാത്ത ഉപകാരമെങ്കിലും ചെയ്യാൻ നമുക്ക് കഴിയും. പലരും യാദൃശ്ചികമായി ജീവിതത്തിൽ കണ്ടുമുട്ടുകയും പിന്നീട് വേർപെട്ട് പോകുകയുമാവും. അലക്ഷ്യമായി കടലിലൊഴുകുന്ന തടിക്കഷണങ്ങൾ കൂട്ടിമുട്ടിപ്പിരിയും പോലെ. ഇക്കാര്യം എഴുത്തച്ഛൻ മനോഹരമായി പറഞ്ഞു;

പാന്ഥർ പെരുവഴിയമ്പലം തന്നിലെ
താന്തരായ്ക്കൂടി വിയോഗം വരുംപോലെ

യാത്രാക്ഷീണമകറ്റാൻ തെല്ലുനേരം കുടിയിരുന്നു പിരിയുന്നവരെപ്പോലെയാണു നാമെല്ലാം ജീവിതനാടകത്തിൽ കഥാ പാത്രങ്ങളായി പ്രത്യക്ഷപ്പെടുന്നത്. കൂടിയിരിക്കുന്ന നേരത്തെപ്പറ്റി പൂന്താനം പാടി;

കൂടിയല്ലാ ജനിക്കുന്ന നേരത്തും

(ശേഷം രണ്ടാം പേജിൽ)


# ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ

## സിൽവർ ജൂബിലി നിറവിൽ

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്- ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (കേരളം)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. ഐ.സി.എം. അക്കാദമികൾ (ബീഹാർ)
5. കോച്ചസ് ചൈൽഡ് ഡെവലെപ്പ്മെന്റ് സെന്റർ (ബീഹാർ)
6. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം)
7. വിശ്വാസി പബ്ളിക്കേഷൻസ്
8 മ്യൂസിക്കൽ സി.ഡികൾ (സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേംവാണി (ഹിന്ദി), പ്രേമമാധുരി (തെലുങ്ക്)

**ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം**

1. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
2. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

**സംഭാവനകൾക്ക് ആദായനികുതി (80ജി) ഇളവ് ലഭിക്കുന്ന രസീത് നൽകുന്നതാണ്.**

**INDIAN CHRISTIAN MISSION**
**Yash Apartments, Flat no 101, First Floor, 96/E,**
**Ward No: 2, Mehrauli, New Delhi-110030**
**E-mail: icm4india@yahoo.com, Website: www.indianchristianmission.com**


Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442